"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പിറവന്തൂർ ഗ്രാമപഞ്ചായത്ത് - പുതിയ ഓഫീസ് കെട്ടിടം, 10 കിലോവാട്ട് സോളാർ പവർ പ്ലാന്റ്, ഹരിത കർമ്മസേനയുടെ പ്രവർത്തനം എന്നിവയുടെ ഉദ്ഘാടനത്തിനായി അധികമായി ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (എഫ്.എം.)വകുപ്പ്

സ.ഉ.(സാധാ) നം.1752/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 14/09/2021

---

പരാമർശം:-

1. പിറവന്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.05.2019 ലെ എ1-1/19 നമ്പർ കത്ത്.
2. പിറവന്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.02.2019 ലെ 34/1 നമ്പർ തീരുമാനം
3. പഞ്ചായത്ത് ഡയറക്ടറുടെ 15.07.2021 ലെ PAN/10061/2019-G1(DP) നമ്പർ കത്ത്.

ഉത്തരവ്

പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ പുതിയ ഓഫീസ് കെട്ടിടം, 10 കിലോവാട്ട് സോളാർ പവർ പ്ലാന്റ്, ഹരിത കർമ്മസേനയുടെ പ്രവർത്തനം എന്നിവയുടെ ഉദ്ഘാടനം മുതിർന്ന കർഷകരെ ആദരിക്കൽ എന്നിവ 03/05/2018 ൽ നടന്നുവെന്നും, ടി പരിപാടികൾക്കായി ചെലവായ 366419/- രൂപയിൽ 255937/- രൂപ സ്പോൺസർഷിപ്പിലൂടെ ലഭിച്ചുവെന്നും, ബാക്കിതുകയായ 110482/- യിൽ ഗ്രാമപഞ്ചായത്തിന് ചെലവഴിക്കാൻ കഴിയുന്ന 25000/- കിഴിച്ച് ബാക്കി 85482/- രൂപ പഞ്ചായത്ത് അധികമായി ചെലവഴിച്ചതിന് സാധൂകരണം നൽകുന്നതിന് പരാമർശം 2 തീരുമാനം അടിസ്ഥാനമാക്കി പരാമർശം ഒന്ന് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിച്ചിരുന്നു. പുതിയ ഓഫീസ് കെട്ടിടം, 10 കിലോവാട്ട് സോളാർ പവർ പ്ലാന്റ്, ഹരിത കർമ്മസേനയുടെ പ്രവർത്തനം എന്നിവയുടെ ഉദ്ഘാടനത്തിന് അധികമായി ചെലവഴിച്ച തുകയായ 85482/- രൂപ നൽകുന്നതിന് അനുമതിയ്ക്കായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം ശുപാർശ ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പിറവന്തൂർ ഗ്രാമപഞ്ചായത്തിലെ പുതിയ ഓഫീസ് കെട്ടിടം, 10 കിലോവാട്ട് സോളാർ പവർ പ്ലാന്റ്, ഹരിത കർമ്മസേനയുടെ പ്രവർത്തനം എന്നിവയുടെ ഉദ്ഘാടന പരിപാടിക്കായി അധികമായി ചെലവഴിച്ച 85482/- (എൺപത്തയ്യായിരത്തി നാനൂറ്റി എൺപത്തി രണ്ട് രൂപ മാത്രം) രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Ganga G R
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി/പ്രസിഡന്റ്, പിറവന്തൂർ ഗ്രാമപഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. ന്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ് ന്